## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2900 — 13.03.2018- ൽ മറുപടിയ്ക്ക്

### കീടനാശിനി നിരോധനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കീടനാശിനി നിരോധനം കൊണ്ടുവരാൻ ലക്ഷ്യമിട്ടിട്ടുണ്ടോ; | (എ) കേരള സംസ്ഥാനത്തിൽ ജൈവ കാർഷിക നയം പ്രാവർത്തിക മാക്കുന്നതിന്റെ ഭാഗമായി വിഷവീര്യം കൂടിയതും, മനുഷ്യ ജീവന് ഹാനികര മായതുമായ ചുവപ്പ്, മഞ്ഞ ലേബലോടു കൂടിയ കളനാശിനി, കുമിൾ നാശിനി, കീടനാശിനി വിഭാഗത്തിൽപ്പെടുന്ന 16 ഇനം രാസവസ്തുക്കളുടെ വില്പനയും വിതരണവും ഉപയോഗവും കേരളത്തിൽ നിരോധിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ആദ്യപടിയെന്ന നിലയിൽ കീടനാശിനി ഉപയോഗത്തിൽ നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ടോ; | (ബി) ഉണ്ട്. രാസകീടനാശിനികൾ, കളനാശി നികൾ എന്നിവയുടെ വിതരണവും ഉപയോഗവും നിയന്ത്രിച്ചിട്ടുണ്ട്. 7-ഇനം കീടനാശിനികളുടെ വില്പനയും ഉപയോഗവും അത്യാവശ്യ ഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്ര മായി പരിമിതപ്പെടുത്തിയിട്ടുണ്ട്. നിയന്ത്രണം പാലിക്കപ്പെടുന്നു എന്ന് ഉറപ്പ വരുത്തുന്നതിനായി കീടനാശിനി ഡിപ്പോകളുടെ പരിശോധന കാര്യക്ഷമ മാക്കാനുള്ള നിർദ്ദേശം ഇൻസെക്റ്റി സൈഡ് ഇൻസ്പെക്ടർമാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കർശന നിർദ്ദേശം നൽകി യിട്ടുമുണ്ട്. കൂടാതെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ മുഖേന സംയോജിത കീട നിയന്ത്രണം, ജൈവീക നിയന്ത്രണ മാർഗ്ഗങ്ങൾ |

| | |
|---|---|
| | എന്നിവ പ്രോത്സാഹിപ്പിക്കുകയും കർഷകർക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനാലും രാസകീട നാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| (സി) സോയിൽ ഹെൽത്ത് കാർഡിന്റെ അടിസ്ഥാനത്തിൽ മാത്രം വളപ്രയോഗത്തിന് അനുമതി നൽകുന്ന കാര്യം ആലോചിക്കുമോ? | (സി) സോയിൽ ഹെൽത്ത് കാർഡ് ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രം വളം വിതരണവും പ്രയോഗവും നിയന്ത്രിക്കുന്നതിനുള്ള നടപടികളുമായി കേന്ദ്ര സർക്കാർ തീരുമാനങ്ങൾ കൈക്കൊണ്ടു വരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡുകൾ ലഭ്യമാക്കുന്നതിനും ആയത് ആധാർകാർഡുമായി ലിങ്ക് ചെയ്യുന്നതിനുമുള്ള നടപടികളും കേന്ദ്ര സർക്കാരിന്റെ സോയിൽ ഹെൽത്ത് കാർഡ് പദ്ധതി പ്രകാരം പുരോഗമിച്ചു വരുന്നു. എന്നിരുന്നാലും സോയിൽ ഹെൽത്ത് കാർഡ് ശുപാർശ പ്രകാരം മാത്രമേ വളപ്രയോഗം നടത്താവൂ എന്ന സന്ദേശം കലാകാലങ്ങളിലായി കൃഷി വകുപ്പ് മുഖാന്തിരം കർഷകർക്ക് നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**